"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സുഭിക്ഷ കേരളം പദ്ധതിയുടെ വിപണന കേന്ദ്രം നടത്തുന്ന തൃശ്ശൂർ നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് ആദ്യവർഷ വാടക ഒഴിവാക്കി നൽകിയ നടപടിക്ക് അംഗീകാരം നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി)വകുപ്പ്**

സ.ഉ.(സാധാ) നം.1632/2022/LSGD തീയതി,തിരുവനന്തപുരം, 08-07-2022

---

പരാമർശം:-

1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ 30.10.2020 തീയതിയിലെ കൗൺസിൽ യോഗത്തിന്റെ 33(എ)3-ാം നമ്പർ തീരുമാനം.
2. 29.09.2021 ലെ തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ PC2/18669/20 നമ്പർ അപേക്ഷ.
3. 28.01.2022 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ ഡിസി3. 18959/21 നമ്പർ ശിപാർശ.

**ഉത്തരവ്**

സുഭിക്ഷ കേരളം പദ്ധതിയുടെ വിപണന കേന്ദ്രമായി തൃശ്ശൂർ ശക്തൻ മാർക്കറ്റ് പരിസരത്തു സ്ഥിതി ചെയ്യുന്ന തൃശ്ശൂർ നഗരസഭ വക കെട്ടിടത്തിന് ഒരു പുതിയ സംരംഭം എന്ന നിലയിൽ ആദ്യ വർഷ വാടക ഒഴിവാക്കുന്നതിനുള്ള പരാമർശം (1)-ലെ നഗരസഭാ കൗൺസിൽ തീരുമാനത്തിന് സർക്കാർ അംഗീകാരം ലഭ്യമാക്കണമെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയതിൽ നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുഭിക്ഷ കേരളം പദ്ധതിയുടെ വിപണന കേന്ദ്രം നടത്തുന്ന നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് ആദ്യവർഷ വാടക ഒഴിവാക്കി നൽകിയ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ 30.10.2020 തീയതിയിലെ 33(എ)3-ാം നമ്പർ കൗൺസിൽ തീരുമാനത്തിന് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, മുൻസിപ്പൽ കോർപ്പറേഷൻ, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.LSGD-RC2/138/2022-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 08-07-2022 13:48:53**

സെക്ഷൻ ഓഫീസർ